**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 6191/AC A8-1/2020/AC A 8 തീയതി: 16.07.2020

പ്രിയദർശിനി ഹിൽസ്

**പരിപത്രം**

വിഷയം:- സർവ്വകലാശാലാ പഠന വകുപ്പുകളിൽ പുറമേ നിന്നുള്ള വിദ്യാർത്ഥികൾ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ ഉന്നയിച്ച പരാതി

മേൽ സൂചന പ്രകാരം സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ക്ലാസ് നടക്കുന്ന സമയത്ത് പഠനത്തിന് വിഘാതം സൃഷ്ടിക്കുന്ന വിധത്തിൽ ചില വിദ്യാർത്ഥികൾ ശല്യം ഉണ്ടാക്കിയതായി ഡയറക്ടർ പരാതിപ്പെട്ടിരുന്നു. വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഫാക്കൽറ്റി കൗൺസിൽ , മേൽ പരാതി ചർച്ച ചെയ്യുകയും, ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിനായി പുറത്തു നിന്നുള്ള വിദ്യാർഥികൾ പഠന വകുപ്പിൽ പ്രവേശിക്കുന്നതിന് ഡയറക്ടറുടെ മുൻകൂർ അനുമതി നേടണമെന്ന വ്യവസ്ഥ നടപ്പിൽ വരുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയത് പരിഗണിച്ച് സർവ്വകലാശാലാ പഠന വകുപ്പുകളിൽ പുറമേ നിന്നുള്ള വിദ്യാർത്ഥികൾ പ്രവേശിക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സർവകലാശാലാ പഠനവകുപ്പുകളിൽ പുറമേ നിന്നുള്ള വിദ്യാർത്ഥികൾ പ്രവേശിക്കുന്നത് പഠനവകുപ്പുകളിലെ ഡയറക്ടറുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമായിരിക്കേണ്ടതാണ്.

എല്ലാ വിദ്യാർത്ഥികളും പ്രസ്തുത നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1, എല്ലാ പഠന വകുപ്പ് മേധാവിമാർക്കും
2, വിസി/ പിവിസി എന്നിവരുടെ പിഎസ്
3, രജിസ്ട്രാറുടെ പിഎ
4, പിആർഒ/ സെക്യൂരിറ്റി ഓഫീസർ
5, സിഎംഎസ്/ഐക്യുഎസി
6, സ്റ്റോക്ക് ഫയൽ

Draft #4 of File 6191/AC A8-1/2020/AC A 8 Approved by Registrar on 16-Jul-2020 09:33 PM - Page 1